മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

ബി.എഡ് കോഴ്സ് കാലയളവിൽ-ഇന്റേണൽ Re-do ചെയ്യുന്ന വിദ്യാർത്ഥികൾ അതാത് പേപ്പറുകളുടെ എക്സ്റ്റേണൽ പരീക്ഷ കൂടി Re-appear ചെയ്യണമെന്ന വ്യവസ്ഥ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

അക്കാദമിക് എ XII സെക്ഷൻ

സ.ഉ.നം.1888/AcAXII/3/B.Ed(Internal)/ 2019 — തീയതി,പി.ഡി.ഹിൽസ് 17/06/2019

---

പരാമർശം :
1) എച്ച്.എം ട്രെയിനിംഗ് കോളേജ്, മൂവാറ്റുപുഴയിലെ (2017-19) ബാച്ച് വിദ്യാർത്ഥികൾ MG University Students Grievance Redressal Cell ൽ 4.5.2019 ൽ നൽകിയ പരാതി.
2) എച്ച്.എം ട്രെയിനിംഗ് കോളേജ്, മൂവാറ്റുപുഴയിലെ പ്രിൻസിപ്പൽ 06.05.2019 ൽ നൽകിയ കത്ത് നം. H.M.T.C/2019/B.Ed/738.
3) ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ (എഡ്യൂക്കേഷൻ-യു.ജി) 31.05.2019 ൽ നൽകിയ കത്ത്.
4) ഡീൻ ഫാക്കൽറ്റി ഓഫ് എഡ്യൂക്കേഷൻ 04/06/2019 ൽ നൽകിയ കത്ത്.

## ഉത്തരവ്

എച്ച്.എം ട്രെയിനിംഗ് കോളേജ്, മൂവാറ്റുപുഴയിലെ 2017-19 ബി.എഡ് ബാച്ചിലെ അനസ് പി.കെ, അംബിക മുത്തു. പി, അശ്വന്ത് സി.കെ, മുഹമ്മദ് ഷഫീക്ക് കെ, പ്രീതി കെ.എസ്, ഷഫീക്ക് പി.കെ, ഷുക്കൂറലി കെ.കെ, സൈനുൽ ആബിദ് എം.പി എന്നീ വിദ്യാർത്ഥികൾ ആരോഗ്യ പ്രശ്നങ്ങളാൽ മൂന്നാം സെമസ്റ്ററിലെ (EDU301 Language across Curriculum) പരീക്ഷയുടെ ഇന്റേണൽ പരീക്ഷ എഴുതുവാൻ സാധിക്കാത്തതിനാൽ, ഇന്റേണൽ പരീക്ഷ വീണ്ടും എഴുതുവാൻ അവസരം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അപേക്ഷിച്ചിരിക്കുന്നു.

മഹാത്മാഗാന്ധി സർവകലാശാലയുടെ ബി.എഡ് റെഗുലേഷൻ 2015 ൽ 'A candidate who has not secured minimum marks/credit in internal examinations can redo the same in concurrence with the University.They should register and reappear for external examination along with subsequent batch' എന്നാണ് പറഞ്ഞിരിക്കുന്നത്.

മേൽ വിഷയത്തിൽ വ്യക്തതയ്ക്കായി ചെയർമാൻ, ബോർഡ് ഓഫ് സ്റ്റഡീസ് (എഡ്യൂക്കേഷൻ - യു.ജി),ഡീൻ, ഫാക്കൽറ്റി ഓഫ് എഡ്യൂക്കേഷൻ എന്നിവരുടെ വിദഗ്ധ അഭിപ്രായം തേടുകയുണ്ടായി.അപേക്ഷ പരിശോധിച്ച ചെയർമാൻ, ബോർഡ് ഓഫ് സ്റ്റഡീസ് (എഡ്യൂക്കേഷൻ- യു.ജി),ഡീൻ, ഫാക്കൽറ്റി ഓഫ് എഡ്യൂക്കേഷൻ എന്നിവർ അപേക്ഷകരായ വിദ്യാർത്ഥികൾ എല്ലാവരും ഇന്റേണൽ റീഡു ചെയ്യുകയും അതോടൊപ്പം എക്സ്റ്റേണൽ

പരീക്ഷയും കൂടി എഴുതണമെന്നും,അപ്രകാരം റീഡു ചെയ്യുന്ന ഇന്റേണൽ പരീക്ഷയുടെയും എക്സ്റ്റേണൽ പരീക്ഷയുടെയും മാർക്കുകൾ വേണം ഫൈനൽ മാർക്കായി പരിഗണിക്കേണ്ടതെന്നും ശുപാർശ ചെയ്തു.

പ്രസ്തുത ശുപാർശ വൈസ് ചാൻസിലർ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ദിലീപ് കുമാർ. ആർ
അസിസ്റ്റന്റ് രജിസ്ട്രാർ (അക്കാദമിക്- III)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. പ്രിൻസിപ്പൽ, എച്ച്.എം. ട്രെയിനിംഗ് കോളേജ്, രണ്ടാർക്കര, മൂവാറ്റുപുഴ
2. വി.സി/പി.വി.സി എന്നിവരുടെ പി.എസ്-മാർ
3. രജിസ്ട്രാർ/സി.ഇ എന്നിവരുടെ പി.എ മാർ
4. ഡീൻ ഫാക്കൽറ്റി ഓഫ് എഡ്യൂക്കേഷൻ
5. ചെയർമാൻ, ബോർഡ് ഓഫ് സ്റ്റഡീസ് (എഡ്യൂക്കേഷൻ - യു.ജി)
6. AR III/AR II/DR II (Acad)
7. JR II(Admn)
8. JR II (Exam)
9. Ac.L/EI-V/EI-VI/EI-XXVI Sections
10. EB Sections
11. റെക്കോർഡ് സെക്ഷൻ/കണ്ടന്റ് മാനേജ്മെന്റ്
12. എസ്.എഫ്/എഫ്.സി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം